പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2907 **29-10-2026-ൽ മറുപടിയ്ക്ക്**

മാങ്കാവ് ഓവർബ്രിഡ്ജ് നിർമ്മാണ പുരോഗതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ഫൈസൽ ബാബു ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

(എ) മാങ്കാവ് ഓവർബ്രിഡ്ജ് പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്നും ഡി.പി.ആർ തയ്യാറാക്കൽ, ഭരണാനുമതി, സാങ്കേതികാനുമതി, ഭൂമി ഏറ്റെടുക്കൽ, ടെൻഡർ നടപടികൾ എന്നിവയിൽ കൈവരിച്ച പുരോഗതിയും വ്യക്തമാക്കാമോ;

മറുപടി: മാങ്കാവ് മേൽപ്പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയായി. അലൈൻമെന്റ് തയ്യാറാക്കുന്നതിനും, ഡിസൈൻ തയ്യാറാക്കുന്നതിനുമായി ഇൻവെസ്റ്റിഗേഷൻ വിവരങ്ങൾ ഡിസൈൻ വിഭാഗത്തിനു കീഴിലുള്ള PPU Unit ന് നൽകിയതിന്റെ അടിസ്ഥാനത്തിൽ പ്രാഥമിക സാധ്യത പഠന റിപ്പോർട്ട് 13.07.2026 ന് പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭിച്ചിട്ടുണ്ട് . ആയതിന്മേൽ അലൈൻമെന്റ് തയ്യാറാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

മറുപടി: അലൈൻമെന്റ് അന്തിമമാക്കുകയും തുടർന്ന് ഡിസൈൻ ലഭിച്ച് എസ്റ്റിമേറ്റ് തയാറാക്കി ഭരണാനുമതിക്കായി സമർപ്പിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ